പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി* ചേർക്കുന്നു. പട്ടികവർഗ്ഗ വികസനവകുപ്പ് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികളൊന്നും നടപ്പാക്കിയിട്ടില്ല. 2 ഗുണഭോക്താക്കൾക്ക് മരംമുറി യന്ത്രവും ഒരാൾക്ക് തെങ്ങുകയറ്റ യന്ത്രവും കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നൽകിയിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി* ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് അനുവദിച്ച തുക : മരംമുറി യന്ത്രം 2 എണ്ണം - 61,000 രൂപ, തെങ്ങുകയറ്റ യന്ത്രം -(1)- 3,000 രൂപ. ടി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയുള്ള മാസ്ക് വിതരണം

42(5489) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മാസ്ക് സപ്ലൈ ചെയ്യുന്നതിന് ഏതെങ്കിലും ഏജൻസികളെയോ വ്യക്തികളെയോ ചുമതലപ്പെടുത്തുകയുണ്ടായോ; അറിയിക്കാമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മാസ്ക് വിതരണത്തിനായി പട്ടികജാതി വികസന വകുപ്പ് ഏജൻസികളെയോ/ വ്യക്തികളെയോ നാളിതുവരെ ചുമതലപ്പെടുത്തിയിട്ടില്ല. തയ്യൽ അറിയാവുന്ന പട്ടികവർഗ്ഗ വനിതകൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടി കോവിഡ്-19 പശ്ചാത്തലത്തിൽ പുനരുപയോഗിക്കാവുന്ന തുണിമാസ്ക്കുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന പദ്ധതിയിൽ വിവിധ ജില്ലകളിലുള്ള 1100 പട്ടികവർഗ്ഗ വനിതകൾക്ക് മാസ്ക് നിർമ്മിക്കുന്നതിൽ പരിശീലനം നൽകുന്നതിനായി ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ ഏത് ഏജൻസിയെ/വ്യക്തിയെ ആണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും ഇ-ടെണ്ടർ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഇക്കാര്യത്തിൽ പാലിച്ചിട്ടുണ്ടോയെന്നുമുള്ള കാര്യങ്ങൾ അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പരിശീലനം നൽകുന്നതിനും മാസ്ക് നിർമ്മാണത്തിന് ആവശ്യമായ തുണി, ഇലാസ്റ്റിക്, ലേബൽ എന്നിവ വിതരണം ചെയ്യുന്നതിനുമായി M/s. വില്ലേജ്, റോസ്കോട്ട് ബംഗ്ലാവ്, വഴുതക്കാട്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു. ഈ മേഖലയിൽ പ്രവൃത്തി പരിചയമുള്ള സ്ഥാപനങ്ങളിൽനിന്നും താൽപ്പര്യപത്രം ക്ഷണിച്ച് ഏജൻസികൾ സമർപ്പിച്ച സാമ്പിളുകൾ ഒരു വിദഗ്ധസമിതി പരിശോധിച്ച് വിദഗ്ധ സമിതിയുടെ നിർദ്ദേശങ്ങൾ അംഗീകരിച്ചതും ഏറ്റവും കുറഞ്ഞ നിരക്ക് കാട്ട് ചെയ്തതുമായ സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ചെയ്യുകയായിരുന്നു.

(സി) ഇതിനായി എത്ര രൂപയാണ് ചെലവഴിച്ചതെന്ന് അറിയിക്കാമോ?

മാസ്ക് നിർമ്മിച്ച പട്ടികവർഗ്ഗക്കാർക്ക് 27,47,675 രൂപ തയ്യൽകൂലി ഇനത്തിൽ ഇതുവരെയായി ചെലവഴിച്ചിട്ടുണ്ട്. പരിശീലനത്തിനായി 7,73,460 രൂപയും മാസ്ക് നിർമ്മാണത്തിനായി തുണി, ഇലാസ്റ്റിക്, ലേബൽ എന്നിവയുടെ വിലയായി 1,48,54,970 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്ര വിവാഹിതർക്കുള്ള ധനസഹായം

43(5490) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരായ ദമ്പതികൾക്ക് പട്ടികജാതി വികസനവകുപ്പ് വഴി നൽകുന്ന ധനസഹായം ഇപ്പോൾ എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരായ ദമ്പതികൾക്ക് പട്ടികജാതി വികസന വകുപ്പ് വഴി നിലവിൽ 75,000 രൂപ (എഴുപത്തി അയ്യായിരം രൂപ മാത്രം) ധനസഹായം അനുവദിച്ചുവരുന്നു.

(ബി) ഈ ആനുകൂല്യം ലഭിക്കാൻ ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്; അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളും അർഹതാ മാനദണ്ഡങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly